നം. ഇ.എക്സ്/എച്ച്2/18462/2018/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 22/11/2018

# സർക്കുലർ

വിഷയം: - പൊ.വി. - ഡി.എൽ.എഡ് കോഴ്സ് ഒന്നാം സെമസ്റ്റർ - പരീക്ഷ നവംബർ 2018 - നിരന്തര മൂല്യനിർണ്ണയ മാർക്ക് രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന: - 1. സർക്കാർ ഉത്തരവ് (സാധാ) നം.1700/2018/പൊ.വി.വ തീയതി: 5.5.2018.
2. സർക്കാർ ഉത്തരവ് (സാധാ) നം. 2009/18/പൊ.വി.വ തീയതി:30.05.2018.
3. 10.10.2018 തീയതിയിലെ പരീക്ഷാകമ്മീഷണറുടെ ഇതേ നമ്പർ പരീക്ഷാ വിജ്ഞാപനം.

സൂചന (1), (2) എന്നിവയിലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.എഡ് കോഴ്സ് ഡി.എൽ.എഡ് എന്ന് നാമകരണം ചെയ്യുകയും പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരീക്ഷയുടെ വിജ്ഞാപനം സൂചന 3 പ്രകാരം പുറപ്പെടുവിക്കുകയും പരീക്ഷാ നടപടി ക്രമങ്ങൾ നടന്നു വരികയുമാണ്. ആയതിന്റെ ഭാഗമായി പ്രസ്തുത പരീക്ഷയുടെ നിരന്തര മൂല്യ നിർണ്ണയ മാർക്കുകൾ ഓൺലൈൻ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലായിട്ടുണ്ട്. എല്ലാ ഐ.റ്റി.ഇ/ഡയറ്റ് പ്രിൻസിപ്പാൾമാരും **30.11.2018** ന് മുമ്പായി പ്രസ്തുത മാർക്കുകൾ ഓൺലൈൻ മുഖേന രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേക്ക് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുക.

ഡി.എൽ.എഡ് ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് സി.ഇ മാർക്ക് , ഇന്റേൺഷിപ്പ് മാർക്ക് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് നിരന്തരമൂല്യനിർണ്ണയ മാർക്കുകൾ രേഖപ്പെടുത്തേണ്ടത്.

## ഒന്നാംഘട്ടം

- ❖ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിക്കുക. (www.keralapareekshabhavan.in)
- ❖ വെബ്സൈറ്റിന്റെ ഇടതുവശത്ത് താഴെയായി കാണുന്ന D.El.Ed എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് D.El.Ed iExam Site ൽ എത്തുക.
- ❖ പ്രസ്തുത ലിങ്കിലെ ITE എന്ന Type സെലക്ട് ചെയ്ത് User, Password എന്നിവ നൽകി പ്രവേശിക്കുക.

## രണ്ടാം ഘട്ടം

- ITE login ൽ ഇടതുവശത്ത് Pre Exam Event എന്ന സ്ഥലത്ത് Click ചെയ്യുക.
- തുടർന്ന് ആദ്യം Attendance രേഖപ്പെടുത്തുക.
- രണ്ടാമത് CE Mark ITE സെലക് ചെയ്ത് രജിസ്റ്റർ നമ്പർ നൽകി CE മാർക്കുകൾ മാത്രം Enter ചെയ്യുക.
- മൂന്നാമതായി CE Mark Verification എന്ന മെനുവിൽ Click ചെയത് രജിസ്റ്റർ നമ്പർ നൽകി രേഖപ്പെടുത്തിയ മാർക്കുകൾ വെരിഫൈ ചെയ്യുക.
- നാലാമതായി CE Mark Final locking എന്ന മെനുവിൽ Click ചെയ്ത് മാർക്കുകൾ ലോക്ക് ചെയ്യുക
- CE Mark Entry, CE Mark Verification എന്നീ മെനുവിൽ Check list പരിശോധിക്കാവുന്നതും തിരുത്താവുന്നതുമാണ്. എന്നാൽ final locking നടത്തിയാൽ തിരുത്തൽ നടത്താൻ കഴിയുന്നതല്ല. ലോക്കിംഗ് നടത്തിയാൽ ലഭിക്കുന്ന Form C1നിലവിലെ ഡി.എഡ് ജില്ലാ ബോർഡ് മുഖേന പരീക്ഷാഭവനിലേക്ക് നൽകേണ്ടതാണ്.

## മൂന്നാം ഘട്ടം

- Pre Exam Event Click ചെയ്യുമ്പോൾ തന്നെ Attendance, CE Mark എന്നിവ്ക്ക് പുറമേ കാണുന്ന ഒന്നാണ് Intern Mark ITE - എന്നത്. പ്രസ്തുത മെനുവിൽ Click ചെയ്യുക.
- തുടർന്ന് Intern Mark Entry എന്ന മെനു സെലക്ട് ചെയ്ത് രജിസ്റ്റർ നമ്പർ നൽകി ഇന്റേൺ മാർക്ക് രേഖപ്പെടുത്തി Check list പരിശോധിക്കുക.
- രണ്ടാമതായി Intern Mark Verification എന്ന മെനു സെലക്ട് ചെയ്ത് മാർക്ക് വെരിഫൈ ചെയ്ത് Check list പരിശോധിക്കുക.
- മൂന്നാമതായി Intern Mark locking എന്ന മെനു സെലക്ട് ചെയ്ത് final locking നടത്തി ലഭിക്കുന്ന Form – TP1 എന്ന പ്രിന്റ് ജില്ലാ ബോർഡ് മുഖേന പരീക്ഷഭവന് നൽകുക.

മേൽ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുകയും എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെട്ടാൽ helpdesk.deled@gmail.com എന്ന E-Mail വിലാസത്തിൽ അറിയിക്കുകയും ചെയ്യുക.




SECRETARY

സ്വീകർത്താവ്: - (1) എല്ലാ ഡയറ്റുകൾക്കും ഐ.ടി.ഇ കൾക്കും
(2) സിസ്റ്റം മാനേജർ ( വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)